ഉത്തരം

(എ) അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി ആന്റ് ഡി) ഇതു സംബന്ധിച്ചുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

വനത്തിനുള്ളിൽ തടയണ കെട്ടിയത് തടയാൻ നടപടി

121 [404] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിനുള്ളിൽ തടയണ കെട്ടി മലമ്പുഴ അണക്കെട്ടിൽ എത്തേണ്ട വെള്ളം തമിഴ്നാട് ചോർത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മലമ്പുഴയിലെ നീരൊഴുക്ക് സംരക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഉണ്ട്.

(ഡി) അന്തർ സംസ്ഥാന അതിർത്തിയായ പ്രസ്തുത പ്രദേശത്ത് തടയണ കെട്ടിയതായി സെക്ഷൻ സ്റ്റാഫിന്റെ പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു. തടയണയുടെ നിർമ്മാണം മാധ്യമങ്ങളിൽ വലിയ വാർത്തയായതിനെ തുടർന്ന് ഒലവക്കോട് കൺസർവേറ്റർ 31-12-2003-ൽ ഈ പ്രദേശം വിശദമായി പരിശോധിക്കുകയുണ്ടായി. മലമ്പുഴ ഡാമിൽ ഒഴുകി എത്തുന്ന ചുള്ളിയാറിന്റെ കൈവഴിയായ കുക്കുറിശിയാംപള്ളം നീരമുവിയിൽ ചെക്ക് ഡാം കെട്ടി ഗതിമാറ്റിയാണ് തമിഴ്നാട്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ള 445 മീ. നീളമുള്ള കനാലിലൂടെ വെള്ളം ഒഴുകിയിരുന്നത്. ഈ കനാലിന്റെ വീതി പാറക്കെട്ടുള്ള കുറച്ചുഭാഗത്ത് 60 സെ. മീറ്ററും പാറക്കെട്ടില്ലാത്തിടത്ത് ഒന്നര മുതൽ രണ്ടു മീറ്ററുമാണ്. അന്തർ സംസ്ഥാന അതിർത്തിയിലൂടെയുള്ള കുക്കുറിശിയാംപള്ളം അരുവിയിൽ കെട്ടിയ ചെക്ക് ഡാം ഭാഗികമായി പൊളിച്ചുവിട്ടിട്ടുള്ളതിനാലും കനാലിലേക്ക് നീരൊഴുക്ക് ആരംഭിക്കുന്നിടത്ത് കല്ലുകളിട്ട് അടച്ചിട്ടുള്ളതിനാലും ഇപ്പോൾ കനാലിലൂടെ തമിഴ്നാട്ടിലേക്ക് വെള്ളം ഒഴുകുന്നില്ല.

പ്രായോഗികമായി, ഈ സ്ഥലം ദൈനംദിന നിരീക്ഷണത്തിന് വിധേയമാക്കുക പ്രയാസകരമാണ്. അന്തർ സംസ്ഥാന വിഷയമായതിനാൽ തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

വനം വകുപ്പിന്റെ മ്യൂസിയങ്ങൾ

122 [405] ശ്രീ. പി. ടി. തോമസ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

,, ഇ. എം. അഗസ്തി :

,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന് എവിടെയെല്ലാം മ്യൂസിയങ്ങളുണ്ട്;

(ബി) ഇവയിൽ ഏതെല്ലാം വിധത്തിലുള്ള വസ്തുക്കൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രദർശനവസ്തുക്കൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരത്തുള്ള മ്യൂസിയത്തിൽ കഴിഞ്ഞ വർഷം എത്ര സന്ദർശകരെത്തി എന്നു പറയാമോ;

(ഇ) ഈ മ്യൂസിയം സൂക്ഷിക്കുന്നതിനെത്ര സ്റ്റാഫുണ്ട്; അവർ മ്യൂസിയം സൂക്ഷിക്കുന്നതിന് എന്തെല്ലാം പ്രത്യേക യോഗ്യത നേടിയിട്ടുണ്ട് എന്നും അവർക്കു വേണ്ടി പ്രതിവർഷം എന്ത് തുക ചെലവാകുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വനംവകുപ്പിന് തിരുവനന്തപുരത്ത് മാത്രം ഒരു മ്യൂസിയമുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly